പ്രകാരം റൂൾ 3-ന് വിധേയമായ ആവശ്യങ്ങൾക്കായി പട്ടയം ലഭിച്ച വനഭൂമി കൈമാറ്റം ചെയ്യാവുന്നതാണ്. വനഭൂമി കയ്യേറ്റക്കാർക്ക് ഭൂമി പതിച്ചു നല്കുന്നതിനെതിരെ പരിസ്ഥിതി പ്രവർത്തകർ സുപ്രീംകോടതിയിൽ സമർപ്പിച്ച ഹർജിയിന്മേലുള്ള (സിവിൽ അപ്പീൽ നമ്പർ 2116/2000 കേസിനോടനുബന്ധിച്ചുള്ള) 20-3-2009-ലെ വിധിയുടെ അടിസ്ഥാനത്തിൽ ഈ കാലയളവിൽ അനുവദിച്ച പട്ടയങ്ങളിൽ "സുപ്രീംകോടതിവിധിക്ക് വിധേയം" എന്ന മുദ്ര പതിപ്പിച്ചിരുന്നു. നിരവധിപേർ പ്രസ്തുത നിബന്ധനാ സീൽ റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും 1-8-2011-ലെ 27135/ഫി2/റവ./2011 നമ്പർ ഗവൺമെന്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും 1993-ലെ ഭൂമി പതിവ് നിയമം പ്രത്യേക ചട്ടങ്ങൾ പ്രകാരം അനുവദിച്ചിട്ടുള്ള പട്ടയങ്ങളിലെ നിബന്ധനാ സീൽ റദ്ദ് ചെയ്യുന്നതിന് നിർദ്ദേശം നല്കിയിട്ടുള്ളതും ആയതുപ്രകാരം പ്രസ്തുത രീതിയിലുള്ള അപേക്ഷകൾ പരിശോധിച്ച് സ്പെഷ്യൽ തഹസീൽദാർ നടപടി സ്വീകരിച്ചു വരുന്നതുമാണ്. ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ വീഴ്ചകൾ ഉണ്ടാകുന്നുണ്ട് എന്നതാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പ്രത്യേകമായി എടുത്തുപറഞ്ഞത്. തീർച്ചയായും അത്തരം കാര്യങ്ങളിൽ ഒരു പരിശോധന നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പ്രത്യേകിച്ച്, കർഷകരെ സംബന്ധിച്ചിടത്തോളം ഇതൊരു പ്രധാനപ്പെട്ട വിഷയമായിത്തന്നെയാണ് ഗവൺമെന്റ് കാണുന്നത്. ഇക്കാര്യത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നല്കുന്നതാണ്.

## (12) എൻ. കൃഷ്ണപിള്ളയ്ക്ക് സ്മാരകം

<u>ശ്രീ. വർക്കല കഹാർ</u>: സർ, ലോകപ്രശസ്ത നാടകകൃത്തും സാഹിത്യകാരനുമായ ഇബ്സൻ-ന്റെ പേരിൽ, 'കേരള ഇബ്സൻ' എന്ന് അറിയപ്പെടുന്ന മലയാള സാഹിത്യത്തിലെ അതുല്യ പ്രതിഭയായിരുന്ന എൻ. കൃഷ്ണപിള്ള. അദ്ദേഹത്തിന്റെ ജന്മശതാബ്ദി വർഷമാണ് 2015. എഴുത്തുകാരനായും സാഹിത്യ ഗവേഷകനായും പ്രഭാഷകനായും അദ്ധ്യാപകനായും പ്രൊഫ. എൻ. കൃഷ്ണപിള്ള മലയാള സാഹിത്യത്തിനു നൽകിയ സംഭാവന വളരെ വലുതാണ്. വർക്കലയിലെ ചെമ്മരുതിയിൽ ജനിച്ച് ശിവഗിരി ശ്രീനാരായണ സ്കൂളിൽ ഔദ്യോഗിക ജീവിതം ആരംഭിച്ച പ്രൊഫ. എൻ. കൃഷ്ണപിള്ളയുടെ ജന്മശതാബ്ദി ആഘോഷങ്ങൾ സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ വർക്കലയിൽവച്ച് സമുചിതമായി സംഘടിപ്പിക്കണമെന്നും അദ്ദേഹത്തിന് ഉചിതമായൊരു സ്മാരകം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്നുമുള്ള ആവശ്യങ്ങളാണ് ഞാൻ ഉന്നയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാനപ്പെട്ട ശ്രീ. വർക്കല കഹാർ പറഞ്ഞതുപോലെ, എൻ. കൃഷ്ണപിള്ളയെ മലയാളത്തിന് ഒരിക്കലും മറക്കാൻ കഴിയില്ല. നാടകം, നിരൂപണം, സ്മരണകൾ എന്നീ സാഹിത്യവിഭാഗങ്ങളിൽ അതുല്യമായ സംഭാവന നൽകിയ പ്രതിഭാധനനാണ് എൻ. കൃഷ്ണപിള്ള. സ്ത്രീകരണമുറിയെ ജീവിത നാടകവേദിയാക്കി മാറ്റിയ നോർവീജിയൻ നാടകകൃത്തായ ഇബ്സന്റെ നാടകങ്ങൾ അനുസ്മരിച്ചുകൊണ്ടുള്ള എൻ. കൃഷ്ണപിള്ളയുടെ രചനകൾക്ക് കേന്ദ്ര, കേരള സാഹിത്യ അക്കാഡമി അവാർഡുകളും ഓടക്കുഴൽ അവാർഡ്, വയലാർ പുരസ്കാരം, കേരള ഗവൺമെന്റ് പുരസ്കാരം, അക്കാഡമി വിശിഷ്ട അംഗത്തിനുള്ള പുരസ്കാരം തുടങ്ങിയവയും ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ജന്മശതാബ്ദി വർഷമാണ് വരുന്നത്. അദ്ദേഹം ജനിച്ചത് വർക്കലയിലുള്ള ചെമ്മരുതിയിലാണ്. മെമ്പർ ആവശ്യപ്പെട്ടതു പോലെ കേരള സാഹിത്യ അക്കാഡമി മുൻകയ്യെടുത്തുകൊണ്ട് അദ്ദേഹത്തിന്റെ ജന്മശതാബ്ദി ആഘോഷങ്ങൾ നടത്താൻ നിർദ്ദേശം നൽകുന്നതാണ്. സ്മാരകം നിർമ്മിക്കാൻ ആവശ്യമായ സ്ഥലം ലഭ്യമാകേണ്ടതുണ്ട്. മെമ്പർക്കൂടി സഹകരിക്കുകയാണെങ്കിൽ ഗവൺമെന്റ് അത് ഗൗരവമായി ആലോചിക്കുന്നതാണ്.

## (13) ശ്രീ. കെ. ജയചന്ദ്രനെ നാട്ടിൽ എത്തിക്കുന്നതിന് നടപടി

(ഈ വിഷയത്തിൽ ശ്രീ. വി. ടി. ബൽറാം എം.എൽ.എ.യും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീമതി കെ. കെ. ലതിക : സർ, എന്റെ നാട്ടുകാരനും എഴുത്തുകാരനുമായ ശ്രീ. കെ. ജയചന്ദ്രൻ മൊകേരി കഴിഞ്ഞ ഒമ്പത് മാസമായി മാലിദ്വീപിൽ തടങ്കലിൽ കഴിയുകയാണെന്ന കാര്യം അങ്ങേയ്ക്ക് അറിയാമല്ലോ. ശ്രീ. കെ. ജയചന്ദ്രൻ നിരപരാധിയാണെന്ന് കുട്ടികളുടെ രക്ഷിതാക്കൾതന്നെ അധികൃതരെ രേഖാമൂലം അറിയിച്ചിട്ടും അദ്ദേഹത്തെ മോചിപ്പിക്കാൻ മാലി സർക്കാർ തയ്യാറായിട്ടില്ല. നിരപരാധിയായ ഒരു മലയാളി ഇത്രയും കാലം വിദേശത്തുള്ള ജയിലിൽ കഴിയുന്നുവെന്നത് നമ്മുടെ മനഃസാക്ഷിക്ക് കളങ്കം ചാർത്തുന്ന ഒന്നാണ്. പ്രായമായ അമ്മയും ഭാര്യയും രണ്ട് കുഞ്ഞുങ്ങളുമടങ്ങുന്ന കുടുംബമാണ് ശ്രീ. ജയചന്ദ്രന്റേത്. ഇവരുടെ നിസ്സഹായത കേരളത്തിന്റെ മൊത്തം നിസ്സഹായതയാണ്. കേരളത്തിന്റെ പ്രബുദ്ധമായ പാരമ്പര്യത്തിന്റെ പ്രതിനിധിയാണ് ജയചന്ദ്രൻ. നമ്മുടെ അയൽ രാജ്യത്തെ കുഞ്ഞുങ്ങൾക്ക് അറിവിന്റെ അക്ഷരവെളിച്ചം പകർന്നുനൽകിയ

LIBRARY ARCHIVES Kerala Legislative Assembly